**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 177** | **03-03-2025 - ൽ മറുപടിയ്ക്ക്**

**ടെക്നോപാർക്കിലെ വികസന പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. സുജിത് വിജയൻപിള്ള,<br>ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീ കെ യു ജനീഷ് കുമാർ,<br>ശ്രീ വി കെ പ്രശാന്ത് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | തിരുവനന്തപുരം ടെക്നോപാർക്കിൽ 2016 മുതൽ നടന്നുവരുന്ന വികസന പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | ടെക്നോപാർക്കിന്റെ വളർച്ചയിൽ അനിതര സാധാരണമായ വികസന പ്രവർത്തനങ്ങളാണ് 2016 മുതൽ ഉണ്ടായിട്ടുള്ളത്. സമാനമായ വളർച്ച സംസ്ഥാനത്തെ മറ്റ് ഐ.ടി പാർക്കുകളിലും ഈ കാലയളവിൽ ഉണ്ടായിട്ടുണ്ട്.<br><br>ടെക്നോപാർക്ക് സ്ഥാപിച്ചതിനുശേഷം 2015-16 വരെ 370 കമ്പനികളും 51,860 തൊഴിലവസരങ്ങളും 5,000 കോടി രൂപയുടെ സോഫ്റ്റ് വെയർ കയറ്റുമതിയും, എട്ടര ദശലക്ഷം ചതുരശ്ര അടി ബിൽറ്റ്-അപ്പ് ഏരിയയുമായിരുന്നു ടെക്നോപാർക്കിൽ ഉണ്ടായിരുന്നത്.<br><br>ഇത് കഴിഞ്ഞ 9 വർഷം കൊണ്ട് കമ്പനികളുടെ എണ്ണം 32.43% വർദ്ധിച്ചുകൊണ്ട് 370 ൽ നിന്ന് 490 ആയി ഉയരുകയും ബിൽറ്റ്-അപ്പ് ഏരിയ 49.65% വർദ്ധിച്ച് 8.5 ദശലക്ഷം ചതുരശ്ര അടിയിൽ നിന്ന് 12.72 ദശലക്ഷം ചതുരശ്ര അടിയായി വളരുകയും ചെയ്തു. കയറ്റുമതി വരുമാനം 5,000 കോടി രൂപയിൽ നിന്ന് 13,255 കോടി രൂപയായി ഉയർന്ന് 165.10% വളർച്ച നേടുകയും, അഞ്ച് ഫേസുകളിലായി നേരിട്ടുള്ള തൊഴിൽ സൃഷ്ടിക്കൽ 44.62% വർദ്ധിച്ച് 51,860 ൽ നിന്ന് 75,000 ആയി വർദ്ധിച്ചിട്ടുമുണ്ട്.<br><br>**മുൻനിര പദ്ധതികൾ:**<br><br>**ഘട്ടം IV:**<br><br>1) ക്വാഡ് പദ്ധതി,<br><br>2)ടി.സി.എസ് ഐടി/ഐടിഇഎസ് കാമ്പസ്<br><br>**ഘട്ടം III :**<br><br>ഡൗൺ ടൗൺ തിരുവനന്തപുരം പദ്ധതി |

<table>
<tr><td></td><td></td><td></td><td>2016 കാലഘട്ടം മുതൽ നടന്ന പ്രധാനപ്പെട്ട പ്രവർത്തനങ്ങളെക്കുറിച്ചുള്ള വിശദമായ റിപ്പോർട്ട് അനുബന്ധം I ആയി ചേർക്കുന്നു.</td></tr>
<tr><td>(ബി)</td><td>ടെക്നോപാർക്കിൽ എത്ര കമ്പനികൾ പ്രവർത്തിക്കുന്നുണ്ടെന്നും അവിടങ്ങളിലായി എത്ര പേർ തൊഴിൽ ചെയ്യുന്നുണ്ടെന്നും അറിയിക്കുമോ;</td><td>(ബി)</td><td>ടെക്നോപാർക്കിൽ നിലവിൽ 490 കമ്പനികളിലായി ഏകദേശം 75,000 - ത്തോളം ജീവനക്കാർ നേരിട്ട് തൊഴിൽ ചെയ്യുന്നു.</td></tr>
<tr><td>(സി)</td><td>പ്രസ്തുത പാർക്കിന്റെ വികസനത്തിനായി എത്ര ഏക്കർ സ്ഥലം ലഭ്യമാക്കിയിരുന്നുവെന്നും അതിൽ ഓരോ ഘട്ടത്തിന്റെയും വികസനത്തിനായി എത്ര ഏക്കർ വീതം നീക്കി വച്ചിട്ടുണ്ടെന്നും വെളിപ്പെടുത്തുമോ;</td><td>(സി)</td><td>ടെക്നോപാർക്കിന്റെ വികസനത്തിനായി 5 ഘട്ടങ്ങളിലായി മൊത്തം 768.63 ഏക്കർ സ്ഥലമാണ് ലഭ്യമാക്കിയിട്ടുള്ളത്. ഓരോ ഘട്ടത്തിന്റെയും വികസനത്തിനായി നീക്കിവച്ചിരിക്കുന്ന സ്ഥലത്തിന്റെ അളവ് ചുവടെ ചേർക്കുന്നു.
<table>
<tr><th>ഘട്ടം</th><th>നീക്കി വച്ചിട്ടുള്ള സ്ഥലം<br><br>(ഏക്കറിൽ)</th></tr>
<tr><td>ഘട്ടം I</td><td>198.43</td></tr>
<tr><td>ഘട്ടം II</td><td>86</td></tr>
<tr><td>ഘട്ടം III</td><td>90.02</td></tr>
<tr><td>ഘട്ടം IV</td><td>389.74</td></tr>
<tr><td>ഘട്ടം V</td><td>4.44</td></tr>
<tr><td>മൊത്തം</td><td>768.63</td></tr>
</table></td></tr>
<tr><td>(ഡി)</td><td>നിർമ്മിത ബുദ്ധി, ബ്ലോക്ക് ചെയിൻ, മെഷീൻ ലേണിംഗ് മേഖലകളിൽ പ്രവർത്തിക്കുന്ന കമ്പനികൾ ആഗോളതലത്തിൽ വ്യാപിപ്പിക്കാൻ തയ്യാറെടുക്കുന്ന സാഹചര്യം പ്രയോജനപ്പെടുത്താൻ എന്തെല്ലാം നടപടികളാണ് ടെക്നോപാർക്കിൽ സ്വീകരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ?</td><td>(ഡി)</td><td>നിർമ്മിത ബുദ്ധി, ബ്ലോക്ക് ചെയിൻ, മെഷീൻ ലേണിംഗ്, അനുബന്ധ സാങ്കേതികവിദ്യകൾ എന്നീ മേഖലകളിലെ കമ്പനികളെ ആകർഷിക്കാൻ ടെക്നോപാർക്ക് നിരവധി പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>ടെക്നോപാർക്ക് ഘട്ടം IV-ൽ TCS-ന്റെ ഐ.ടി/ ഐ.ടി.ഇ.എസ് ക്യാമ്പസ് വികസനം: ഐഒറ്റി, ബ്ലോക്ക് ചെയിൻ, ഡാറ്റാ അനലിറ്റിക്സ്, നിർമ്മിത ബുദ്ധി എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന 94 ഏക്കർ കാമ്പസ്.<br><br>മാർക്കറ്റിംഗും പ്രൊമോഷനും: ടെക്നോപാർക്കിൽ കമ്പനികൾക്കും ലാൻഡ് ഡെവലപ്പർമാർക്കും മാർക്കറ്റ് ചെയ്യുന്നതിനായി ഇന്റർനാഷണൽ പ്രോപ്പർട്ടി കൺസൾട്ടന്റുമാരെ (IPCs) എംപാനൽ ചെയ്തിട്ടുണ്ട്.<br><br>തന്ത്രപരമായ നിയമനങ്ങൾ: ടാലന്റ് മാനേജ്മെന്റ്, ബ്രാൻഡിംഗ് & മാർക്കറ്റിംഗ്, പോളിസി ഇൻവെസ്റ്റ്മെന്റ് & ഇൻഫ്രാസ്ട്രക്ചർ, സ്റ്റാർട്ടപ്പ് & എസ്.എം.ഇ ഡെവലപ്മെന്റ് എന്നിവയിൽ വൈദഗ്ധ്യമുള്ള പ്രമുഖ ഐടി തന്ത്രജ്ഞരെ നിയമിച്ചു.</td></tr>
</table>

| | | | |
|---|---|---|---|
| | | | **ഗ്ലോബൽ എക്സ്പോഷർ:** കേരള ഐടി പാർക്കുകളുടെ ദൃശ്യപരത വർദ്ധിപ്പിക്കുന്നതിന് കൺവെർജൻസ്, ജിടെക്സ്, എം.ഡബ്ല്യൂ.സി ബാഴ്സലോണ തുടങ്ങിയ ദേശീയ അന്തർദേശീയ എക്സ്പോകളിൽ സജീവ പങ്കാളിത്തം.<br><br>**ഇൻ-ഹൗസ് മാർക്കറ്റിംഗ്:** ടെക്നോപാർക്കിനെ പ്രോത്സാഹിപ്പിക്കുന്നതിനും കമ്പനികളെ അതിന്റെ കാമ്പസുകളിലേക്ക് ആകർഷിക്കുന്നതിനും ടെക്നോപാർക്കിന്റെ മാർക്കറ്റിംഗ് ടീം പ്രവർത്തിക്കുന്നു.<br><br>പാർക്കിനുള്ളിൽ അധിക ഐടി ഇൻഫ്രാസ്ട്രക്ചർ കൊണ്ടുവരുന്നതിനായി കമ്പനികളുടെയും ഐ.ടി. കോ-ഡെവലപ്പർമാരുടെയും കാര്യത്തിൽ ലഭിച്ച ഇ.ഒ.ഐ - യുമായി ബന്ധപ്പെട്ട് അടുത്തിടെ സമാപിച്ച ഇൻവെസ്റ്റ് കേരളയിൽ ടെക്നോപാർക്ക് സജീവമായി പങ്കെടുത്തു. |

സെക്ഷൻ ഓഫീസർ

അനുബന്ധം I

**2016 കാലഘട്ടം മുതൽ നടന്ന പ്രധാനപ്പെട്ട പ്രവർത്തനങ്ങളെക്കുറിച്ചുള്ള വിശദമായ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.**

| ക്രമ നമ്പർ | കമ്പനിയുടെ പേര് | കെട്ടിടത്തിന്റെ ഏരിയ (ച. അടി) | പൂർത്തിയായ വർഷം |
|---|---|---|---|
| 1 | M2 | 20,000 | 2016 |
| 2 | Tata Consultancy Services - TCS SEZ (B) | 3,70,217 | 2017 |
| 3 | Infosys | 7,92,000 | 2018 |
| 4 | Key Stone Business Centre | 62,000 | 2020 |
| 5 | Suntec | 340000 | 2020 |
| 6 | Kabani | 200000 | 2021 |
| 7 | US Technology International (P) Ltd | 6,18,000 (MLCP) | 2022 |
| 8 | Niagara | 15,00,000 | 2024 |